**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** | **18.08.2017-ൽ മറുപടിയ്ക്ക്**

## ജി.എസ്.റ്റി. മത്സ്യബന്ധന മേഖലയിലുണ്ടാക്കിയ പ്രത്യാഘാതം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ<br>" ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>" സി.കെ. ആശ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ജി.എസ്.റ്റി. പ്രാബല്യത്തിലായത് മത്സ്യബന്ധന മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചുവെന്ന് വിശദമാക്കുമോ; | (എ) | വലയ്ക്കും റോപ്പിനും 12% നികുതി ഏർപ്പെടുത്തുകയുണ്ടായി. വലയ്ക്ക് നികുതിയുണ്ടായിരുന്നില്ല. വള്ളങ്ങളിൽ ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് നിലവിൽ ജി.എസ്.ടി. യിൽ 28% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനുകൾക്ക് നിലവിലുണ്ടായിരുന്ന 14.5% നികുതി (VAT) 28% ആയി ഉയർത്തിയത് വഴി നികുതിയിൽ 13.5% ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മത്സ്യ ബന്ധന മേഖലയുമായി ബന്ധപ്പെട്ട് തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെയ്യുന്ന മരാമത്ത് പണികൾക്ക് 18% ജി.എസ്.ടി. കരാറുകാർക്ക് മുമ്പുള്ളതിനേക്കാൾ അധികമായി നൽകേണ്ടി വരുന്നുണ്ട്. |
| (ബി) | വല, ചൂണ്ട, റോപ് എന്നിവയുടെ വിലവർദ്ധനവ് മൂലം പ്രതിസന്ധിയിലായ മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ ജീവിതത്തെ, ഇവയ്ക്ക് മേൽ നികുതിയേർപ്പെടുത്തിയത് എത്രത്തോളം സാരമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | വല, ചൂണ്ട, റോപ്പ് എന്നിവയ്ക്ക് ജി.എസ്.ടി ഏർപ്പെടുത്തിയതുമൂലം പ്രത്യക്ഷത്തിൽ വില വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. എന്നാൽ വല, ചൂണ്ട, റോപ്പ് തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ വാങ്ങുന്ന ഘട്ടത്തിൽ നൽകേണ്ടി വരുന്ന ടാക്സ് അന്തിമ ഘട്ടത്തിലുള്ള ഉല്പന്നത്തിന് ചുമത്തിയ ടാക്സിൽ നിന്നും കുറവ് ചെയ്യുന്നതാണ് ജി.എസ്.ടി യുടെ രീതി. ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ തുടക്കമായതിനാൽ അന്തിമ ഉല്പന്നങ്ങളുമേലുള്ള നികുതി കുറവ് ചെയ്യുന്നതിന് സ്വാഭാവികമായും കാലതാമസം വരുന്നതാണ്. നിലവിൽ നികുതി കുറവ് ചെയ്യാതെയാണ് വില്പന നടത്തി വരുന്നത്. ഇത് താല്ക്കാലികമായ വിലവർദ്ധനവിനിടയാക്കുന്നുണ്ട്. എന്നാൽ പിന്നീട് ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് ഉപഭോക്താക്കൾക്ക് അധികമായി നൽകിയ നികുതി അവകാശപ്പെടാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഉണക്ക മത്സ്യത്തിന് നികുതി ഏർപ്പെട്ടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉണക്ക മത്സ്യത്തിന് 5% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീര മൈത്രി പദ്ധതിയിൽ ഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളെ സംസ്ഥാന ഗവൺമെന്റ് പോയിന്റ് ഓഫ് സെയിലിൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ